LAND REVENUE REMISSION—1108, 1109, 1110.

182. Mr. B. M. Peter (*Latin Xians-Mattancheri*):

(*a*) ഫ ൦ വ, ഫ ൦ ൻ, ഫ ഫ ൦ എന്നീ കൊല്ലങ്ങളിൽ ഗവമ്മെണ്ടിൽ നിന്നും കരമിളവു ചെയ്തു കൊടുത്തിട്ടുള്ളതു് ഉല്പന്നങ്ങളുടെ വിലക്കുറവിനാൽ കഷ്ടപ്പെട്ടുവരുന്ന സാക്ഷാൽ കർഷകനു അനുഭവപ്പെട്ടതായി ഗവമ്മെണ്ടിനു ബോദ്ധ്യമുണ്ടോ ;

(*b*) ജന്മികൾക്കു സിദ്ധിക്കുന്ന ഇങ്ങിനെയുള്ള കരമിളവു തങ്ങളുടെ കീഴിലുള്ള കുടിയാന്മാർക്കും പാട്ടം മിച്ചവാരം വകയിൽ നിരക്കനുസരിച്ചു് കുറവു ലഭിക്കത്തക്കവണ്ണം ഒരു തീർപ്പുണ്ടാക്കുവാൻ ഗവമ്മെണ്ടിനു മനസ്സുണ്ടാകുമോ ?

Mr. K. Achyuta Menon (*Diwan Peishkar*): (*a*) മിക്കവാറും അനുഭവപ്പെട്ടിട്ടുണ്ടെന്നാണു ഗവമ്മെണ്ടിന്റെ ബോദ്ധ്യം.

(*b*) ചോദ്യത്തിൽ വിവരിച്ചിരിക്കുന്നപ്രകാരം ഒരു തീർപ്പു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

Mr. B. M. Peter (*Latin Xians-Mattancheri*): ഫ ൦ വ, ഫ ൦ ൻ, ഫ ഫ ൦ എന്നീ കൊല്ലങ്ങളിൽ കൊടുത്തിരിക്കുന്ന കരമിളവു്, അതായതു് ജന്മികൾക്കു കൊടുത്തിരിക്കുന്ന കരമിളവു് സാക്ഷാൽ കർഷകരായ കുടിയാന്മാർക്കു കിട്ടുന്നില്ലെന്നു പരക്കെ ഒരു ആവലാതിയുള്ളതായി ഗവമ്മെൻറിന്റെ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടോ ?

Mr. K. Achyuta Menon (*Diwan Peishkar*): അങ്ങിനെ ഒരു ആവലാതിയുള്ളതായി കേട്ടിട്ടുണ്ടു്, പക്ഷെ ഇവിടെയുള്ള ജനപ്രതിനിധികളെല്ലാം പറയുന്ന അതുകൊണ്ടുള്ള ഗുണം കർഷകന്മാർക്കു കിട്ടുന്നുണ്ടു്, എന്നു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): അതു ശരിക്കു കിട്ടുന്നില്ലെങ്കിൽ കൊടുപ്പിക്കുവാൻവേണ്ടി എന്തെങ്കിലും ചെയ്യാമോ ?

Mr. K. Achyuta Menon (*Diwan Peishkar*): കിട്ടുന്നുണ്ടെന്നാണു് എല്ലാവരും പറയുന്നതു്.

Mr. C. N. Ittiravi Nambudiri (*Anthikad*): ദേയസ്വം ജന്മികൾക്കു കരമിളവു കൊടുക്കാറുണ്ടോ ?

Mr. K. Achyuta Menon (*Diwan Peishkar*): ഈവിടത്തെ വാദങ്ങളിൽ നിന്നും മനസ്സിലായിട്ടുള്ളതു് കൊടുത്തുവരുന്നുണ്ടെന്നാണു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): ഫ ഫ ർ ലേക്കുള്ള കരമിളവു് കുടിയാന്മാർക്കു കിട്ടുവാനായി വേണ്ടതു ചെയ്യുവാൻ ദയവുണ്ടാകുമോ ?

Mr. K. Achyuta Menon (*Diwan Peishkar*): കിട്ടുന്നില്ലെന്നുവന്നാൽ എന്തെങ്കിലും ചെയ്യേണ്ടതാവശ്യമാണു്. കിട്ടുന്നുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർമാർതന്നെ സമ്മതിച്ചിട്ടുള്ളതാണു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): അടുത്ത തവണ കിട്ടണമെന്നുള്ള വിചാരത്തോടുകൂടി കരമിളവിനെ സംബന്ധിച്ചിടത്തോളം കുടിയാനവന്മാരുടെ കാര്യത്തിൽ വല്ലതും ഗവമ്മെൻറു് ചെയ്യണമെന്നാവശ്യപ്പെട്ടാൽ ചെയ്യുവാൻ വിരോധമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Achyuta Menon (*Diwan Peishkar*): അങ്ങിനെ ഒരു മെമ്പർ ആവശ്യപ്പെടുകയാണെങ്കിൽ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരുടേയും അപേക്ഷയുണ്ടെങ്കിൽ വേണ്ടപോലെ അതനുസരിച്ച് ചെയ്യുവാൻ വിരോധമില്ല.

Mr. P. Achyuta Menon (*Kattur*): അങ്ങിനെയുള്ള അപേക്ഷ കൂടാതെ തന്നെ അവക്ക് കിട്ടുന്നുണ്ടോ എന്നന്വേഷിക്കുവാൻ ഗവർമ്മെൻറിനു ഭയവുണ്ടാകുമോ ?

Mr. K. Achyuta Menon (*Diwan Peishkar*): അതിനെ സംബന്ധിച്ച് കിട്ടീട്ടുള്ള ആവലാതികൾക്ക് അടിസ്ഥാനമില്ലെന്ന് ഇവിടെ വന്നിട്ടുള്ള എല്ലാ മാന്യമെമ്പർമാരും പറഞ്ഞിട്ടുള്ളതുകൊണ്ട് കിട്ടുന്നില്ലെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല.

Mr. C. R. Iyyunni (*Trichur-South*): എല്ലാവരും പറഞ്ഞിട്ടില്ല.

Mr. K. Achyuta Menon (*Diwan Peishkar*): ബഹുമാനപ്പെട്ട ചില മെമ്പർമാരും പറഞ്ഞിട്ടുള്ളത് ആ ആവലാതികൾക്ക് അടിസ്ഥാനമില്ലെന്നാണ്.

Mr. K. M. Ibrahim (*Cranganur*): ഞാൻ പറഞ്ഞിട്ടില്ല, സർ.

Mr. V. P. Kannu Pillai (*Mattancheri*): മിയാൻപേഷ്കാരവർകളുടെ ഭരണത്തിൻകീഴിലിരിക്കുന്ന പാലിയം എസ്റ്റേറ്റ് മുതലായവക്ക് കരമിളവു കൊടുത്തിട്ടുണ്ടോ ?

Mr. K. Achyuta Menon (*Diwan Peishkar*): മഞ്ഞക്കാരായ ജന്മികൾ കുടിയാന്മാർക്ക് ഇളവുചെയ്തു കൊടുക്കുന്നുണ്ട്.

Mr. C. N. Ittiravi Nambudiri (*Anthikad*): സർക്കാർ ഭരണത്തിൻകീഴിലിരിക്കുന്നവരായ ജന്മികൾ കൊടുക്കുന്നില്ലെന്നാണ് പറയുന്നത്.

Mr. K. Achyuta Menon (*Diwan Peishkar*): അമ്മത്തമ്പുരാൻ കോവിലകത്തുനിന്നു കൊടുക്കുന്നുണ്ട്. അവർ അതിലധികമായും കൊടുക്കാറുണ്ട്.

Mr. C. N. Ittiravi Nambudiri (*Anthikad*): സർക്കാർ ദേവസ്വങ്ങൾക്കൊന്നിനും കരമൊഴിവു കൊടുത്തിട്ടില്ലേ?

Mr. K. Achyuta Menon (*Diwan Peishkar*): അതു പട്ടയമായിട്ടുകൊടുത്തിട്ടുള്ളതാകകൊണ്ട് അതിൻറെ കരം ഞങ്ങളാണ് പിരിക്കുന്നത്.

Mr. V. P. Kannu Pillai (*Mattancheri*): കരമൊഴിവു കൊടുത്തിട്ടുള്ള ചില ദേവസ്വങ്ങളിൽ നിന്നും കുടിയാന്മാർക്ക് ആ ഇളവു കിട്ടുന്നില്ല.

Mr. K. Achyuta Menon (*Diwan Peishkar*): അതു് ഇൻകാർപ്പറേറ്റഡ് ദേവസ്വമാണ്.

Mr. V. P. Kannu Pillai (*Mattancheri*): തിരുമലദേവസ്വത്തിൽനിന്നു കൊടുക്കാറുണ്ടോ ?

Mr. N. Govinda Pai (*Nominated*): അവിടെ കുടിയാന്മാർക്കു കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan (*Ezhuvs-Kanayannur*): ഇൻകാർപ്പറേറ ഡ് ദേവസ്വങ്ങൾക്ക് നികുതിയിളവു കൊടുത്തിട്ടില്ലേ?

Mr. K. Achyuta Menon (*Diwan Peishkar*): കൊടുത്തിട്ടുണ്ട്.

Mr. K. Ayyappan (*Ezhuvas-Kanayannur*): ഗവൺമെൻറ് വക യായ ദേവസ്വങ്ങൾക്കു കൊടുത്തിട്ടില്ലേ?

Mr. K. Achyuta Menon (*Diwan Peishkar*): എല്ലായിടത്തും കൊടുത്തിട്ടുണ്ടായിരിക്കയില്ല, തുച്ഛമായിട്ടു കൊടുത്തിട്ടുണ്ടായിരുന്നുവെന്നാണ് അറിവു്.

Mr. K. Ayyappan (*Ezhuvas-Kanayannur*): എല്ലാ ദേവസ്വങ്ങൾക്കും കൊടുത്തിട്ടില്ലെങ്കിൽ കൊടുക്കേണ്ടതല്ലേ?

Mr. K. Achyuta Menon (*Diwan Peishkar*): കൊടുത്തില്ലെങ്കിൽ കൊടുക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല, അങ്ങിനെ കൊടുക്കുവാൻ ഒരു നിയമം കൂടാതെ സാധിക്കുകയില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*): സർക്കാർ ജന്മികർക്കു കൊടുക്കണമെന്നു നിയമപ്രകാരം നിർബ്ബന്ധമില്ലേ?

Mr. K. Achyuta Menon (*Diwan Peishkar*): നിയമപ്രകാരം നിർബ്ബന്ധമില്ല.

Mr. K. Ayyappan (*Ezhuvas-Kanayannur*): പ്രൈവറ്റ് ജന്മികർക്കു കൊടുക്കണമെന്നു നിയമമുണ്ടോ?

Mr. K. Achyuta Menon (*Diwan Peishkar*): ജന്മികർക്കു സർക്കാരിൽ നിന്നും വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ ആ ജന്മികർ കുടിയാനും വിട്ടുകൊടുക്കേണ്ടതാണെന്നാണ് നിയമത്തെ സംബന്ധിച്ചിടത്തോളം എനിക്കു തോന്നുന്ന അഭിപ്രായം. പക്ഷെ അതിനെ സംബന്ധിച്ചു് ഇതുവരെ ആരും പരീക്ഷിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

Mr. C. R. Iyyunni (*Trichur-South*): ഫറ ലക്ഷം രൂപ കിട്ടുന്നുണ്ടെന്നു പറഞ്ഞതിൽ ഇൻകാർപ്പറേറഡ് ദേവസ്വങ്ങളുംപെടുന്നുണ്ടോ?

Mr. K. Achyuta Menon (*Diwan Peishkar*): പെടുന്നുണ്ട്.

Mr. C. R. Iyyunni (*Trichur-South*): അതിൽനിന്നാണല്ലോ പന്ത്രണ്ടര ശതമാനം നികുതി കുറക്കണമെന്നു് ഈ കൌൺസിലിൽ പാസ്സാക്കിയതു്?

Mr. K. Achyuta Menon (*Diwan Peishkar*): അതുകൊണ്ടുള്ള റവന്യൂവിൽ നിന്നും കുറക്കണമെന്നാണ്.

Mr. K. S. Panicker (*Ezhuvas-Mukundapuram*): കരമിളവു കുടിയാനവന്മാർക്കു കിട്ടുന്നില്ലെങ്കിൽ അവർക്കു ദേവസ്വത്തിലേക്കു് ആകർഷിക്കുവാനുള്ള വഴിയുണ്ടോ?

Mr. K. Achyuta Menon (*Diwan Peishkar*): ആകർഷിക്കുവാനുള്ള വഴി നിയമത്തിലുണ്ടു്, എന്നാണു് തോന്നുന്നതു്.

Mr. K. S. Panicker (*Ezhuvas-Mukundapuram*): അവരുടെ കരം ഒഴിവാക്കുവാനുള്ള വല്ല വഴിയും വെച്ചുതരാമോ?

Mr. K. Achyuta Menon (*Diwan Peishkar*): അതു വേറെ കാര്യം; ആ സൌകര്യത്തിനു വേണ്ടി കരം ഒഴിവാക്കണമെന്നാണോ പറയുന്നതു്? (ചിരി).

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Madhava Menon (*Narakkal*): Sir, some questions sent up by me have not been answered. May I know the reason for that ?

Mr. Deputy President: To some of the questions, answers have not been obtained.

Mr. P. K. Madhava Menon (*Narakkal*): The Diwan President stated the other day that all the questions will be answered.

Mr. Deputy President: That refers only to all questions for which answers have been available.

Mr. P. K. Madhava Menon (*Narakkal*): The questions I refer were sent long before.

Mr. Deputy President: Some detailed enquiries will be necessary with regard to certain questions and so the Government have not been able to collect answers.

Mr. K. P. Kannan Nayar (*Secretary to Government*): I will explain the position. So far as the Government is concerned we have been trying our level best to get answers to all the questions. A lot of time has been taken in the case of some questions. Some questions have to be sent to the various Heads of Departments and they will have to collect the information and submit it to the Secretariat. And all questions for which answers have been actually received without reference to the Heads of Departments have been answered. There are a few questions about 25—30 for which answers have not been received from the various Heads of Departments. Therefore it has not been possible in spite of our earnest effort to answer them.

The hon'ble members may be pleased to renew their notices with reference to those questions, because the questions will lapse.

Mr. P. Govinda Menon (*Mulakunnathukavu*): Is the delay in getting the information due to the lethargy of the officers concerned?

Mr. K. P. Kannan Nayar (*Secretary to Government*): They are trying their level best.

Mr. C. R. Iyyunni (*Trichur-South*): It was stated by the Diwan President that all the questions that were put in will be answered.

Mr. Deputy President: It was in connection with another point.

Mr. C. R. Iyyunni (*Trichur-South*): The reason adduced for giving a smaller number of questions on the previous days was to enable the Government to answer all the questions.

LIBRARY ARCHIVES Kerala Legislative Assembly